

# ജ്ഞാനാഞ്ജലി

1

19 ജൂൺ, 2014



## വിശ്വമംഗളകാരി

*അവ്യക്ത ബാപ്ദാദ*

*രണ്ട് കാര്യങ്ങൾ പരിശോധിക്കൂ.........*

വിശ്വമംഗളകാരിയാകുന്നതിന് ആവശ്യമായ രണ്ട് ധാരണകൾ ഏതെല്ലാം? മുഖ്യ രണ്ട് ധാരണകളാണ് ഈശ്വരീയ ലഹരിയും അതിനോടൊപ്പം ദയയും. രണ്ടും ഒരുമിച്ച് സമാനരൂപത്തിലുണ്ടെങ്കിൽ, ഈ രണ്ട് ഗുണങ്ങളുടെ സമാനതയിലൂടെ ആത്മീയതയുടെ സ്ഥിതി ഉണ്ടാകും. അതിനാൽ ഏതൊരു കാര്യം ചെയ്യുമ്പോഴും ഈ രണ്ട് കാര്യങ്ങൾ പരിശോധിക്കൂ- രണ്ടും സമാനരൂപത്തിലുണ്ടോ എന്ന്.

എത്രത്തോളം വിശ്വമംഗളകാരി, അത്രയും വിശ്വരാജ്യാധികാരിയാകുന്നു. ഈ രണ്ട് അധികാരങ്ങളും പ്രാപ്തമാകുന്നതിന് വിശേഷിച്ച് സ്വപരിവർത്തനത്തിന്റെ ശക്തി ആവശ്യമാണ്.

അതി പാപാത്മാവിനോടും, അതി അപകാരിയായ ആത്മാവിനോടും, കൊക്കുകളോടും വെറുപ്പ് പാടില്ല, വിദ്വേഷം പാടില്ല, അനാദരവ് പാടില്ല. എന്നാൽ വിശ്വമംഗളകാരിയുടെ സ്ഥിതിയിൽ സ്ഥിതി ചെയ്ത് ദയാഹൃദയരായി, ദയയുടെ ഭാവനവച്ച്, സേവനത്തിന്റെ സംബന്ധമായി മനസ്സിലാക്കി സേവനം ചെയ്യുമെങ്കിൽ, എത്രത്തോളം പ്രതീക്ഷയറ്റവരുടെ സേവനം ചെയ്യുമോ, അത്രയും സമ്മാനത്തിന് അവകാശിയായി മാറും. വിഖ്യാതമായ വിശ്വമംഗളകാരിയായി പ്രകീർത്തിക്കപ്പെടും. ശാന്തിസ്ഥാപകന്റെ ഉപഹാരം നേടും.



## മഹാരഥികളുടെ മഹാവാക്യങ്ങൾ



*ദാദി പ്രകാശ്മണി*

നമുക്ക് മുഴുവൻ വിശ്വത്തിലും സൈലൻസിന്റെ വൈബ്രേഷൻ വ്യാപിപ്പിക്കണം. നമ്മിലൂടെ മുഴുവൻ വിശ്വത്തിലും ശാന്തിയുടെ കിരണങ്ങൾ ലഭിക്കണം. നമ്മൾ ബ്രാഹ്മണർ സംഘടിത രൂപത്തിൽ ഏതെങ്കിലും കാര്യം ചെയ്യുന്നുവെങ്കിൽ, ശക്തിശാലി വൈബ്രേഷൻ വ്യാപിക്കും. സ്വയംതന്നെ എത്രത്തോളം അന്തർമുഖമാകുമോ, അന്യോന്യം ശുഭഭാവനവയ്ക്കുമോ, അത്രയും പരസ്പരം സഹയോഗികളും സഹചാരികളുമായിരിക്കും. ഇപ്പോൾ എന്ത്, എന്തുകൊണ്ട് എന്ന സങ്കല്പങ്ങൾ സമാപ്തമാക്കി സ്വയം നിമിത്തമായി മനസ്സിലാക്കൂ. മറ്റുള്ളവർക്ക് എത്ര ബഹുമാനം നൽകുമോ, അന്യോന്യം വിശ്വാസം പുലർത്തുമോ, അത്രയും സ്നേഹവും ഏകതയും നിലനിൽക്കും. ഇപ്പോൾ നമുക്കേവർക്കും വീട്ടിലേയ്ക്ക് മടങ്ങണം, ബാബയ്ക്ക് സമാനം കർമ്മാതീതമാകണം. നമ്മുടെ സമ്പാദ്യം ശേഖരിക്കുവാനാണ് നമ്മൾ വന്നിരിക്കുന്നത്. ബാബ നമുക്ക് എന്തെല്ലാം ശിക്ഷണങ്ങൾ നൽകിയോ, അത് ജീവിതത്തിൽ പ്രായോഗികമാക്കണം. അപ്പോൾ നമ്മളെ നോക്കി മറ്റുള്ളവരും ചെയ്യും.

*ദാദി ഹൃദയമോഹിനി*

ബാബ നമ്മളേവരെയും ഒരു കാര്യം വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നു- കേൾക്കുക എന്നാൽ ആയിത്തീരുക. നമ്മൾ ജ്ഞാനത്തിന്റെ ഏതെല്ലാം കാര്യങ്ങൾ കേൾക്കുന്നുവോ, ആ ഓരോരോ കാര്യവും നമ്മുടെയുള്ളിൽ ധാരണയായിക്കൊണ്ടിരിക്കണം. ധാരണയാകുകയെന്നാൽ സ്വരൂപത്തിൽ കൊണ്ടുവരുക. ആത്മാവിന്റെ ഗുണങ്ങൾ വർണ്ണിക്കവെ, നമ്മൾ പറയുന്നു-ആനന്ദ സ്വരൂപമാണ്, പ്രേമസ്വരൂപമാണ്, ശക്തിസ്വരൂപമാണ്... എല്ലാത്തിലും സ്വരൂപം എന്ന ശബ്ദമാണ് വരുന്നത്. ബാബയാകട്ടെ, സാഗരമാണ്. എന്നാൽ ആത്മാവ് ഈ ഗുണങ്ങളുടെയെല്ലാം സ്വരൂപമാണ്. കേൾക്കുന്നത് വളരെ സഹജമാണ്. ദ്വാപരം

മുതൽ കഥകൾ ധാരാളം കേട്ടുവന്നു. അതിന്റെ ശീലം ഉറച്ചുകഴിഞ്ഞു. എന്നാൽ ഇപ്പോൾ ബാബ ഒരു കാര്യം കൂട്ടിച്ചേർത്തു- കേൾക്കുകയെന്നാൽ ആയിത്തീരുക. ജ്ഞാനവും ഭക്തിയും തമ്മിലുള്ള വ്യത്യാസമിതാണ്. അവിടെ കേട്ടുകൊണ്ടിരിക്കുന്നു. ദേവസമാനമാകുന്നില്ല. ദേവത, ദേവതയായും, ഭക്തൻ, ഭക്തനായുമിരിക്കുന്നു. എന്നാൽ ബാബ നമ്മളോട് ബാബയ്ക്ക് സമാനമാകുവാൻ പറയുന്നു. ഇത് എത്ര വലിയ കാര്യമാണ്. അതിനാൽ നമ്മൾ നമ്മെ നോക്കണം- എത്ര വർഷങ്ങളായി കേട്ടുവോ, അത് സ്വരൂപത്തിൽ വന്നുവോ?

ദാദി ജ്ഞാനകി

ആരോടെങ്കിലും ഏതെങ്കിലും കർമ്മ-കണക്കുകൾ ഉണ്ടെങ്കിൽ, ഏതെങ്കിലും കർമ്മബന്ധനമുണ്ടെങ്കിൽ യോഗം വരുകയില്ല. യോഗത്തിൽ ആലസ്യം വരും. ക്ലാസ്സും തീർച്ചയായും ഒഴിവായിപ്പോകും. ക്ലാസ്സിലും സദാ ഹാജരായിരിക്കുന്നതിന്റെ മാർക്ക് ആർക്കെങ്കിലും ഇല്ലെങ്കിൽ, ആ റെക്കോഡും നന്നല്ല. ഏതെങ്കിലും കർമ്മ-കണക്കോ കർമ്മ-ബന്ധനമോ ഉള്ള ആത്മാവ് ആകർഷിക്കുന്നുവെങ്കിൽ, ആത്മാവിൽ കൂടുതൽ തുരുമ്പ് കയറുന്നു. ഏതെങ്കിലും വസ്തു വലിക്കുന്നുവെങ്കിൽ, വ്യക്തി വലിക്കുന്നുവെങ്കിൽ ഏതെങ്കിലും രീതിയിൽ ആകർഷിക്കുന്നുവെങ്കിൽ, അവർ നല്ലതായി തോന്നുന്നുവെങ്കിൽ, തുരുമ്പ് കയറുമോ, മുമ്പുള്ളത് ഇളകുമോ. അല്പമെങ്കിലും ആരെങ്കിലും ആശർഷിച്ചു വെങ്കിൽ തുരുമ്പ് കയറി. പിന്നെ മധുരമായ ബാബയെ ഓർമ്മിക്കുമ്പോൾ തലവേദന വരും. അവരെ ഓർമ്മിക്കുമ്പോൾ തലവേദനമാറും. ഇങ്ങനെയുള്ളവർക്ക് ഡബിൾലൈറ്റ് ആയിരിക്കുവാൻ കഴിയില്ല. ഹൃദയത്തിലെ കാര്യങ്ങൾ ഒരു ബാബയെ കേൾപ്പിക്കുന്നവർ ലൈറ്റായിരിക്കുന്നു. ബാബ പറയുന്നു- കുട്ടീ, നീ എന്റേതാണ്, അപ്പോൾ സർവ്വതും ലഭിച്ചു കഴിഞ്ഞു. ബാബയോടൊപ്പം വീടിന്റെയും ഓർമ്മയുണ്ടാകണം. അപ്പോൾ താഴെയുള്ള കാര്യങ്ങൾ ഉപയോഗമില്ലാത്തവയാണെന്ന് തോന്നും. ബുദ്ധിയെ പ്ലെയിനാക്കിവയ്ക്കുന്നതിലൂടെ മുഖം സദാ സന്തുഷ്ടവും വിടർന്നുമിരിക്കും. മറ്റ് കാര്യങ്ങൾ ബുദ്ധിയെ കുഴപ്പിക്കും. ചിലപ്പോൾ പിരിമുറുക്കത്തിലേയ്ക്ക് കൊണ്ടുപോകും. എന്തിനു വെറുതേ തന്റെ ബുദ്ധിയെ മോശമാക്കുന്നു. അതിൽ എന്തിന് ഭാരം കയറ്റുന്നു. ബാബ പറയുന്നു-നീ എന്റെ കുട്ടിയാണ്, അപ്പോൾ ലൈറ്റായിരിക്കുകയല്ലേ വേണ്ടത്.



# പാവകളി

*എത്രത്തോളം ശ്രേഷ്ഠസ്ഥിതിയിലിരിക്കുമോ, അത്രയും.............*

*അവ്യക്ത ബാപ്ദാദ*

ഇപ്പോൾ താങ്കളുടെ ഈശ്വരീയ ലഹരി സേവനം ചെയ്യണം. കാരണം, ആത്മാക്കൾ അനേകം ജന്മങ്ങളായി അനേക പ്രകാരത്തിലുള്ള സാധനകൾ ചെയ്ത് ക്ഷീണിതരായിരിക്കുകയാണ്. ഇപ്പോൾ സിദ്ധി ആഗ്രഹിക്കുകയാണ്. സാധനയല്ല. സിദ്ധിയെന്നാൽ സദ്ഗതി. ഇങ്ങനെപിടയുന്ന, ക്ഷീണിതരായ ആത്മാക്കൾക്ക്, ദാഹിക്കുന്ന ആത്മാക്കളുടെ ദാഹം ശമിപ്പിക്കുവാൻ, സിദ്ധി നേടിക്കൊടുക്കുവാൻ ശ്രേഷ്ഠ ആത്മാക്കളായ താങ്കൾക്കല്ലാതെ ആർക്കാണ് സാധിക്കുക? മറ്റാർക്കെങ്കിലും കഴിയുമോ? അനേക തവണ ചെയ്ത തന്റെ കർത്തവ്യം ഓർമ്മ വരുന്നുവോ? എത്രത്തോളം ശ്രേഷ്ഠസ്ഥിതിയിലിരിക്കുമോ, അത്രയും ആത്മാക്കളുടെ വിളിയുടെ സ്വരം , ശക്തികളായ താങ്കളെ ആഹ്വാനം ചെയ്യുന്നതിന്റെ സ്വരം, പിടിയുന്ന അനാഥരായ ആത്മാക്കളുടെ മുഖം, ക്ഷീണിതരായ ആത്മാക്കളുടെ രൂപം കാണപ്പെടും. ആദി സ്ഥാപനയുടെ കാര്യത്തിൽ സാകാര ബാബയുടെ അനുഭവത്തിന്റെ ഉദാഹരണം കണ്ടു. ആത്മാക്കളുടെ സേവനം കൂടാതെയിരിക്കുവാൻ കഴിഞ്ഞുവോ? സേവനമല്ലാതെ മറ്റെന്തെങ്കിലും കാണപ്പെട്ടിരുന്നുവോ? അതുപോലെ ആത്മാക്കൾക്ക് സിദ്ധി പ്രാപ്തമാക്കിക്കുന്നതിന്റെ താല്പര്യത്തിൽ മഗ്നമാകൂ. പിന്നെ ഈ ചെറിയ-ചെറിയ കാര്യങ്ങളിൽ തന്റെ സമയവും ശേഖരിച്ച ശക്തികളും പാഴാക്കുന്നതിൽ നിന്നും ഒഴിവാകും. ശേഖരണം ഉണ്ടായിക്കൊണ്ടുമിരിക്കും. ഒരു സെക്കന്റിൽ തന്റെ ശക്തിശാലി വൃത്തിയിലൂടെ പരിധിയില്ലാത്ത ആത്മാക്കളുടെ സേവനം ചെയ്യുവാൻ കഴിയുമെന്നിരിക്കെ, തന്റെ പരിധിയുള്ള ചെറിയ-ചെറിയ കാര്യങ്ങളിൽ സമയം പാഴാക്കുന്നത് എന്തിന്? പരിധിയില്ലാത്തതിലിരിക്കൂ. അപ്പോൾ പരിധിയുള്ള കാര്യങ്ങൾ സമാപ്തമാകും. താങ്കൾ പരിധിയുള്ള കാര്യങ്ങളിൽ സമയം വ്യർത്ഥമാക്കി, പിന്നെ പരിധിയില്ലാത്തതിൽ സ്ഥിതി ചെയ്യുവാൻ ആഗ്രഹിക്കുന്നു. എന്നാൽ ഇപ്പോൾ ആ സമയം കഴിഞ്ഞിരിക്കുന്നു. ഇപ്പോഴാകട്ടെ, പരിധിയില്ലാത്ത സേവനത്തിൽ സദാ തത്പരരായിരിക്കൂ. അപ്പോൾ പരിധിയുള്ള കാര്യങ്ങൾ സ്വതവേ വിട്ടുപോകും. ഇപ്പോൾ ഭക്തികാലം സമാപ്തമായിക്കൊണ്ടിരിക്കുന്നതു കാരണം ഭക്തിയിൽ സമയം പാഴാക്കുന്നത് പാവകളിയിൽ സമയം നഷ്ടപ്പെടുത്തുന്നതുപോലെയാണ് എന്ന് അന്യ ആത്മാക്കളോട് പറയുന്നവല്ലോ. പിന്നെ, താകൾ ഈ പരിധിയുള്ള കാര്യങ്ങളാകുന്ന പാവകളിൽ സമയം എന്തിനു പാഴാക്കുന്നു? ഇതും പാവകളിയല്ലേ. ഇതിലും ഒരു പ്രാപ്തിയുമില്ല. സമയവും പാഴാകുന്നു, ഊർജ്ജവും പാഴാകുന്നു. അതിനാൽ ബാബ പറയുന്നു- ഇപ്പോൾ ഈ പാവകളിയ്ക്കുള്ള സമയം സമാപ്തമാകുകയാണ്. ഇക്കാലത്ത് പുതിയ ഫാഷൻ ഇറങ്ങുമ്പോൾ ആരെങ്കിലും പഴയ ഫാഷൻ കാണിക്കുകയാണെങ്കിൽ അവരെ എന്ത് പറയും? അതുപോലെ ഈ ചെറിയ ചെറിയ കാര്യങ്ങളിൽ സമയം പാഴാക്കുന്നത് പഴയ ഫാഷനാണ്. ഇനി അത് ചെയ്യുവാൻ പാടില്ല.



# മമ്മ

*ദാദി ജാനകി*

മമ്മയ്ക്ക് പരചിന്തനവും പരദർശ നവും എന്തെന്ന അറിവുപോലു മില്ലാത്ത രീതിയായിരുന്നു. മമ്മ പരചിന്തനം നടത്തുന്നത് ഒരിക്ക ലും കണ്ടിട്ടില്ല.

ബാബ എന്ത് പറഞ്ഞുവോ, മമ്മ അതുതന്നെ ചെയ്തു. ഒരിക്കലും അതിൽ തന്റെ സങ്കല്പങ്ങൾ പോലും കൂട്ടിച്ചേർത്തില്ല.

മമ്മ വളരെ സരളമായിരുന്നു. മുമ്പ് വളരെ പരിഷ്കൃതമായി രുന്നു, ബാബയുടേതായ ശേഷം തീർത്തും ലളിതം

മമ്മ സദാ ഏകാന്തവാസിയായിരുന്നു. വളരെക്കുറച്ചു മാത്രം സംസാരിച്ചിരുന്നു. മമ്മയ്ക്ക് ഏകാന്തത വളരെ ഇഷ്ടമാ യിരുന്നു. രണ്ട് മണിയ്ക്ക് എഴുന്നേറ്റ് മട്ടുപ്പാവിലേയ്ക്ക് പോകുമാ യിരുന്നു, അവിടെ ഏകാന്തതയിൽ തപസ്സ് ചെയ്യുമാ യിരുന്നു.

മമ്മ തപസ്വീമൂർത്തിയായായിരുന്നു

മമ്മ സദാ തന്റെ സ്വമാനത്തിൽ സ്ഥിതി ചെയ്തു, എല്ലാവരു ടെയും സ്വമാനം വർദ്ധിപ്പിക്കുന്നതിൽ ഒന്നാംനമ്പർ ആയിരുന്നു.

മമ്മയ്ക്ക് പഠനത്തിൽ പൂർണ്ണ ശ്രദ്ധയുണ്ടായിരുന്നു. ബാബ യുടെ മുരളി പല തവണ പഠിക്കുമായിരുന്നു

മമ്മ വളരെ നമ്രചിത്തയായിരുന്നു. മമ്മയുടെ നടത്തയിലോ, മറ്റോ ഒരിക്കലും ആധിപത്യഭാവം കാണപ്പെട്ടിരുന്നില്ല

പുരുഷാർത്ഥത്തിൽ വളരെ യധികം സത്യതയുണ്ടാ യിരുന്നു. അല്പം പോലും കലർപ്പ് ഉണ്ടായിരുന്നില്ല.

## സന്തുഷ്ടതയും രാജ്യഭാഗ്യവും

*ബി.കെ ജഗദീഷ്ചന്ദർ*

സന്തുഷ്ടതയാകുന്ന ഗുണത്തെ മാത്രമായി ധാരണ ചെയ്യുവാൻ കഴിയില്ല. ഇച്ഛകൾ സമാപ്തമാക്കണമെങ്കിൽ ത്യാഗത്തിന്റെയും വിരക്തിയുടെയും ഗുണം ധാരണ ചെയ്യേണ്ടത് ആവശ്യമാണ്. പല രീതിയിലുള്ള ആൾക്കാർക്കിടയിൽ, പല സംസ്കാരങ്ങളും വിചാരങ്ങളു മുള്ളവരുടെ ഇടയിൽ കഴിയുന്നതിന് സഹനശീലം, വിനയം, സഹയോഗം, സ്നേഹം, മാധുര്യം തുടങ്ങിയ ഗുണങ്ങൾ വേണം. ആപത്ഘട്ടങ്ങൾ തരണം ചെയ്യുന്നതിന് ആത്മവിശ്വാസം, ഈശ്വരീയ നിശ്ചയം, ധൈര്യം എന്നിവ ധാരണ ചെയ്യേണ്ടത് ആവശ്യമാണ്. ഈ ഗുണങ്ങൾ ധാരണ ചെയ്യാതെ സന്തുഷ്ടി ധാരണ ചെയ്യുവാൻ കഴിയില്ല. സന്തുഷ്ടി ഒരു കിരീടമായി ഉപമിക്കുന്നത് അതുകൊ ണ്ടാണ്. അത് നേടണമെങ്കിൽ പ്രജകളെ ജയിക്കേണ്ടത് ആവശ്യമാണ് .

കർമ്മേന്ദ്രിയങ്ങളെ വശത്താക്കാതെ മനസ്സിലെ വ്യർത്ഥ ചിന്തകൾ മായ്ക്കാതെ സന്തുഷ്ടി എങ്ങനെ വരും? വിനയം, മാധുര്യം, ത്യാഗം, സേവനം, സഹയോഗം എന്നിവയില്ലാതെ മറ്റുള്ളവരെ എങ്ങനെ സന്തുഷ്ടമാ ക്കുവാൻ കഴിയും? മറ്റുള്ളവരെ സേവനവും സ്നേഹവും കൊണ്ട് സന്തുഷ്ടമാക്കാതെ പ്രഭുപ്രിയ രാകുന്നത് എങ്ങനെ? പ്രഭുപ്രിയരും ലോകപ്രിയരുമാകാതെ സ്വയംപ്രിയർ അതായത് സ്വയം സന്തുഷ്ടമാകാൻ കഴിയുമോ? സന്തുഷ്ടമാകുന്നതും സന്തുഷ്ടമാക്കുന്നതും വിശ്വത്തിന്റെ ചക്രവർത്തിപദം ലഭിക്കുന്ന തിന് തുല്യമാണ്. അതിനു വേണ്ടി തന്റെമേൽ പൂർണ്ണ നിയന്ത്രണം പ്രാപ്തമാക്കേണ്ടത് ആവശ്യമാണ്. അപ്പോൾ നമുക്ക് സത്യയുഗവിശ്വത്തിന്റെ അഖണ്ഡരാജ്യം പ്രാപ്തമാക്കു വാൻ കഴിയും.



## ബിന്ദുരൂപം

*അവ്യക്ത ബാപ്ദാദ*

ആദ്യ പാഠം ഉറയ്ക്കാത്തതിനാലാണ് ബിന്ദുരൂപത്തിൽ സ്ഥിതി ചെയ്യുന്നതിൽ കുറവിന്റെ കാരണം. കർമ്മങ്ങൾ ചെയ്യുമ്പോഴും അശരീരി ആത്മാവാണ് എന്ന് സ്വയം അനുഭവിക്കണം. മുഴുവൻ ദിവസവും ഈ അഭ്യാസം ആവശ്യമാണ്. വേറിട്ടുകൊണ്ട് കർത്തവ്യത്തിൽ വരണം. ഇത് എത്ര അനുഭവിക്കുമോ, അത്രയും ബിന്ദുരൂപത്തിൽ സ്ഥിതി ചെയ്യും.

വാസ്തവത്തിൽ ബിന്ദുരൂപത്തിൽ സ്ഥിതി ചെയ്യുന്നത് പ്രയാസമുള്ള കാര്യമല്ല. എത്രത്തോളം വേറിടുമോ– ബിന്ദുരൂപം വേറിട്ടതാണ്, നിരാകാരവും വേറിട്ടതുമാണ്, താങ്കളും നിരാകാരിയാണ്– വേറിട്ട സ്ഥിതിയിൽ സ്ഥിതി ചെയ്യുമെങ്കിൽ ബിന്ദുരൂപത്തിന്റെ അനുഭവമുണ്ടാകും.

ബിന്ദുരൂപത്തിൽ സ്ഥിതി ചെയ്യുന്നതിലൂടെ വേറിട്ട സ്ഥിതിയുടെയും അനുഭവം നിലനിൽക്കും, ആത്മാവിന്റെ വാസ്തവിക ഗുണങ്ങൾ എന്താണോ, അതിന്റെയും അനുഭവം ഉണ്ടാകും. ഇപ്പോൾ ഇത് അഭ്യസിക്കൂ. കാരണം, സമയം ഇനി വളരെ കുറവാണ്.

കുട്ടികൾ ബിന്ദുവിനെമറന്നുപോകുന്നുവെങ്കിൽ, പറയൂ, ഏത് ആധാരത്തിൽ നടക്കും? ആത്മാവിന്റെ ആധാരത്തിലല്ലേ ശരീരം നടക്കുന്നത്. ഞാൻ ആത്മാവാണ് എന്ന ലഹരി ഉണ്ടാകണം. ഞാൻ ബിന്ദു, ബിന്ദുവിന്റെ സന്താനമാണ്. സന്താനം എന്ന് പറയുമ്പോൾത്തന്നെ സ്നേഹത്തിൽ വരുന്നു.

ബിന്ദുരൂപത്തിൽ സ്ഥിതി ചെയ്യുവാൻ കഴിയുന്നത് ശുദ്ധസങ്കല്പങ്ങളുടെ അഭ്യാസം ഉണ്ടാകുമ്പോഴാണ്. അശുദ്ധ സങ്കല്പങ്ങളെ ശുദ്ധ സങ്കല്പങ്ങൾ കൊണ്ട് മാറ്റൂ. ഏതെങ്കിലും അപകടം സംഭവിക്കാൻ പോകുന്നുവെങ്കിൽ, ബ്രേക്ക് വീഴുന്നില്ലെങ്കിൽ തിരിക്കേണ്ടി വരും. ബിന്ദുരൂപം ബ്രേക്ക് ആണ്. ബിന്ദുരൂപമാണ് ബ്രേക്ക്. അത് വീഴുന്നില്ലെങ്കിൽ, വ്യർത്ഥസങ്കല്പങ്ങളിൽ നിന്നും ബുദ്ധിയെ തിരിച്ച് ശുദ്ധ സങ്കല്പങ്ങളിൽ ചേർക്കൂ. ചില ചില സന്ദർഭങ്ങളിൽ രക്ഷയ്ക്കു വേണ്ടി ബ്രേക്ക് ഇടുകയല്ല, തിരിക്കുകയാണ് ചെയ്യുന്നത്. മുഴുവൻ ദിവസത്തിലും ശുദ്ധ സങ്കല്പങ്ങളല്ലാതെ ഒരു വ്യർത്ഥ സങ്കല്പം പോലും നടക്കാതിരിക്കുവാൻ പരിശ്രമിക്കൂ. ഈ വിഷയത്തിൽ പാസ് ആകുമ്പോൾ ബിന്ദുരൂപത്തിന്റെ സ്ഥിതി സഹജമായി നിലനിൽക്കും.



# ഫോബിയ

അനിയന്ത്രിതമായ ഭയം പല തരത്തിലുണ്ട്. യുക്തിരഹിതവും രോഗാവസ്ഥയ്ക്ക് തുല്യവുമായ ഭയത്തെ ഫോബിയ എന്ന് പറയുന്നു.

ചില ഫോബിയകൾ

ഇടി-മിന്നൽ, കൊടുങ്കാറ്റ് എന്നിവയോട് ഭയം
അടച്ചിട്ട മുറിയോ, സ്ഥാനങ്ങളോ ഭയം
ഉയർന്ന സ്ഥാനങ്ങളോട് ഭയം
ആഹാരത്തെ ഭയം
രോഗാണുക്കൾ രോഗം പരത്തുമെന്ന ഭയം
രക്തം കണ്ടാൽ ഭയം
തുറസ്സായ സ്ഥലങ്ങളോട് ഭയം
ഒറ്റപ്പെട്ടുപോകും എന്ന ഭയം
ഇരുട്ടിനെഭയം
ആൾക്കൂട്ടത്തെ ഭയം
കടലിനെ ഭയം
പാലത്തിലൂടെ സഞ്ചരിക്കാൻ ഭയം
തീ കാണുമ്പോഴുള്ള ഭയം
കൂർത്തതോ മൂർച്ചയുള്ളതോ ആയ വസ്തുക്കളെ ഭയം
മൃഗങ്ങളെ ഭയം
ഈച്ചവർഗ്ഗങ്ങളെ ഭയം
വെള്ളം കണ്ടാൽ ഭയം
പുരുഷന്മാരെ ഭയം
സ്ത്രീകളെ ഭയം
വിമാനത്തിൽ യാത്ര ചെയ്യാൻ ഭയം
പൂച്ചകളെ ഭയം
പ്രകാശത്തെ ഭയം
തലമുടിയോട് ഭയം
അപരിചിതരെ ഭയം
പ്രതിച്ഛായയോട് ഭയം
ഭൂത-പ്രേതങ്ങളെ ഭയം
പൊതുവേ എല്ലാ വസ്തുക്കളെയും ഭയം

# നിർഭയത്വം

*അവ്യക്ത ബാപ്ദാദ*

സദാ ശ്രീമത് ആകുന്ന ഹസ്തം തന്റെ മേൽ സദാ അനുഭവിക്കുമെങ്കിൽ പ്രയാസത്തിന്റെ ഒരു സാഹചര്യത്തെയും വിഘ്നത്തെയും ഭയപ്പെടുകയില്ല. ഹസ്തത്തിന്റെ സഹായത്തിലൂടെ ധൈര്യപൂർവ്വം നേരിടുന്നത് സഹജമാകും. ചിത്രങ്ങളിൽ ഭക്തന്റെയും ഭഗവാന്റെയും രൂപത്തിൽ എന്ത് കാണിക്കുന്നു? വരദാനത്തിന്റെ ഹസ്തം ഭക്തരുടെ മേൽ കാണിക്കുന്നു. മസ്തകത്തിൽ കൈ കാണിക്കുന്നു. മസ്തകമെന്നാൽ ബുദ്ധിയിൽ സദാ ശ്രീമത് ആകുന്ന കൈ ഉണ്ടെങ്കിൽ കൈയ്യും കൂട്ടും ഉള്ളതുകാരണം സദാ വിജയിയായിരിക്കും.



ഇപ്പോൾ ശക്തിസ്വരൂപമായി മാറണം.
ശക്തികൾ വിശേഷിച്ച് ഏതൊരു ശക്തി നിറയ്ക്കണം? സഹനശക്തി. ആരിൽ സഹനശക്തി കുറവാണോ, അവരിൽ സമ്പൂർണ്ണതയിൽ കുറവുണ്ട്. വിശേഷിച്ച് ഈ ശക്തി ധാരണ ചെയ്ത് ശക്തിസ്വരൂപമായി മാറണം. ആരാണോ തൃപ്ത ആത്മാക്കൾ, അവരുടെ വിശേഷ ഗുണമാണ് നിർഭയത്വവും സന്തുഷ്ടമായിരിക്കുന്നതും. സ്വയം സന്തുഷ്ടമായിരിക്കുകയും മറ്റുള്ളവരെ സന്തുഷ്ടമാക്കി വയ്ക്കുകയും ചെയ്യുന്നവരിൽ സർവ്വഗുണങ്ങളും വന്നുചേരുന്നു. എത്ര ശക്തിസ്വരൂപമാകുമോ, അത്രയും ദൗർബല്യങ്ങൾക്ക് മുന്നിൽ നിലനിൽക്കുവാൻ കഴിയുകയില്ല. എല്ലാവരും സിംഹിണികളല്ലേ? സിംഹിണികൾ ഒന്നിനെയും ഭയക്കുന്നില്ല. നിർഭയരായിരിക്കുന്നു.
നിങ്ങൾ നിർഭയരായ ആത്മാക്കൾ, മറ്റുള്ളവരെയും നിർഭയരാക്കുന്നവരാണ്. അങ്ങനെയാണോ അതോ ഇടയ്ക്ക് ഭയപ്പെടുന്നുവോ? എന്ത് സംഭവിക്കും, എങ്ങനെസംഭവിക്കും എന്ന്? എന്ത് സംഭവിക്കുമോ, അത് നല്ലതായിരിക്കും സംഭവിക്കുക. ലോകത്തിലുള്ളവരെ സംബന്ധിച്ച് മോശമായിരിക്കും, എന്നാൽ പരിവർത്തനം നടക്കുക തന്നെവേണം എന്ന് താങ്കൾക്ക് ചിന്തിച്ച് മനസ്സിലാക്കുവാൻ കഴിയും, അതിനാൽ എന്ത് സംഭവിക്കുന്നുവോ, നല്ലതാണ് സംഭവിക്കുന്നത്. കാരണം, നടക്കേണ്ടതാണ് എന്ന് നിങ്ങൾ അറിയുന്നു.

> ആരിൽ ഇച്ഛാശക്തി ഉണ്ടായിരിക്കുന്നുവോ, അവർക്ക് സഹജമായി സർവ്വ കാര്യങ്ങളെയും സമസ്യകളേയും നേരിടുവാൻ കഴിയും, സർവ്വ ആത്മാക്കളെയും സദാ സന്തുഷ്ടമാക്കുവാനും കഴിയും




നിങ്ങളെ യഥാർത്ഥമായി സ്നേഹിക്കുകയും പ്രചോദനമേകുകയും, പ്രോത്സാഹിപ്പിക്കുകയും ഉയർത്തുകയും സന്തുഷ്ടമാക്കുകയും ചെയ്യുന്നവരെ ജീവിതത്തിൽ കൂടെ വയ്ക്കൂ